മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, യഥാർത്ഥത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഒരു യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷത്തേക്കാണ് അവരുടെ എക്സാമിനേഷൻ നടക്കേണ്ടത്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ അവിടെ പഠിക്കുന്ന കുട്ടികളുടെ ഭാവി വിഷമം നിറഞ്ഞതാകും. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് 200 കിടക്കകൾക്കുള്ള സംവിധാനം പൂർത്തിയാക്കിക്കഴിഞ്ഞിട്ടുള്ളത്. ഇതിനു പുറമേ 300 രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ചെസ്റ്റ് ഡിസീസിനു വേണ്ടിയുള്ള വിഭാഗത്തിന്റെ പ്രവർത്തനം ഡിസംബറിനു മുൻപ് പൂർത്തിയാക്കാൻ സാധിക്കും. അതിനാവശ്യമായ മറ്റ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന് ബഡ്ജറ്റിൽ പണം ഉണ്ടായിരുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുന്നതിനുവേണ്ടി 25 ലക്ഷം രൂപയും, അതുപോലെതന്നെ, എക്യൂബ്മെന്റ് വാങ്ങിക്കാൻ വേണ്ടി 25 ലക്ഷം രൂപയും പ്രത്യേകമായി സാങ്ഷൻ ചെയ്തുകൊടുത്തിട്ടുണ്ട്. അതിനു പുറമേ 6.5 കോടി രൂപയുടെ ഒരു പദ്ധതിക്കുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തു. അതിന്റെ മറ്റു നടപടികളും സ്വീകരിച്ചു വരികയാണ്. ഈ ഡിസംബറോടുകൂടി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ ടീം വരുമ്പോഴേക്കും തൃശ്ശൂർ മെഡിക്കൽ കോളേജിന് അംഗീകാരം കിട്ടാനുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കും. അവിടെ ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം ഡോക്ടർമാർ കുറവുള്ളതുകൊണ്ട് അവിടെയുള്ള ഡോക്ടർമാർക്ക് സ്ഥലം മാറ്റം ഉണ്ടായാൽപോലും വേറെ ഡോക്ടർമാർ അവിടെവന്ന് ചാർജ്ജ് എടുക്കുന്നതുവരെ ഉള്ള ഡോക്ടർമാരെ മാറ്റാൻ പാടില്ലെന്ന തീരുമാനം എടുത്തിട്ടുണ്ട്, ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അംഗീകാരം കിട്ടി കുട്ടികൾക്കു വേണ്ടതായ സംരക്ഷണം നൽകാൻ ഗവൺമെന്റിന് പരമാവധി ചെയ്യാവുന്നത് ചെയ്തുകൊണ്ടിരിക്കുകയാണ്, അത് സഫലീകരിക്കുകയും ചെയ്യും.

(18) അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിലുള്ള കാലതാമസം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ആയിരക്കണക്കിന് അദ്ധ്യാപകർ ഇപ്പോഴും സെക്രട്ടേറിയറ്റ് നടയിൽ പിക്കറ്റിംങ്ങ് സമരം നടത്തിവരികയാണ്. പ്രൊട്ടക്ഷൻ ആനുകൂല്യം പുനസ്ഥാപിക്കുക, മറ്റു ജീവനക്കാർക്കനുവദിച്ചതുപോലെ അദ്ധ്യാപകർക്കും 3-ാമത് ഒരു ഗ്രേയിഡ് കൂടെ അനുവദിക്കുക, പെൻഷൻ പ്രായം 58 ആക്കുക, പാർട്ടൈം സർവ്വീസ് ഗ്രെയിഡിനും പെൻഷനും കണക്കിലെടുക്കുക ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക അൺഎയിഡഡ് സ്ക്കൂളുകൾ അനുവദിക്കാതിരിക്കുക, മൊത്തം സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർമാരുടെ ഹയർഗ്രേഡ് അനുവദിക്കുക, സ്ക്കൂളുകൾക്ക് സ്ഥിരാംഗീകാരമില്ലാത്തതിന്റെ പേരിൽ അദ്ധ്യാപകർക്ക് തടയപ്പെട്ടിരിക്കുന്ന ശമ്പളം ഉടൻ നൽകുക, പി. എഫ്. ക്രെഡിറ്റ് കാർഡ് അടിയന്തിരമായി നൽകുക, പാഠപുസ്തകം തെറ്റുകൂടാതെ യഥാകാലം നൽകുക, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ അടിയന്തിരമായി അനുവദിക്കാൻ വകുപ്പു മന്ത്രി നടപടിയെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അദ്ദേഹം നീണ്ട ഒരു പട്ടികയാണ് പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് എന്താ ചെയ്യാൻ കഴിയുന്നത് അത് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly